# അത്താണി ഇല്ലാത്തവനും അറിവു പകരാൻ

**ആർ. രാമൻ നായർ**

**കേരള പത്രിക, 24, നവംബർ, 1986**

**ജനതയുടെ പത്തു ശതമാനത്തിൽ താഴെയുള്ളവർ മാത്രമാണ് നമ്മുടെ ഔപചാരിക വിദ്യഭ്യാസ സംവിധാനങ്ങളുടെ പരിധിയിൽ വരുന്നത്. ദരിദ്രരും ഗ്രാമീണരുമായ ബഹുഭൂരിപക്ഷത്തിനും അവരുടെ വിദ്യാഭ്യാസത്തിന്, വിജ്ഞാനത്തിന്, ആശ്രയിക്കാനാവുന്ന കേന്ദ്രങ്ങൾ പൊതു ഗ്രന്ഥാലയങ്ങൾ ആണ്. സാധാരണക്കാരുടെ വിദ്യാഭ്യാസ വിജ്ഞാനാവശ്യങ്ങൾ തൃപ്തമാക്കാനാവുന്ന വിധത്തിൽ പൊതു ഗ്രന്ഥാലയങ്ങൾ സംവിധാനം ചെയ്യേണ്ടുന്നതിന്റെയും ഗ്രന്ഥശാലാ നിയമം നടപ്പാക്കുന്നതിന്റെയും ആവശ്യംചൂണ്ടിക്കാണിക്കുന്നു.**

**Athani Illathavanum Arivu Pakaran – R. Raman Nair**, Kerala patrika, 24, November, 1986.

**Personal Archive Files:**

**Note:** Forms part of a series of articles published in nineteen eighties in regional (Kerala) newspapers of local language (Malayalam). At that time there was no library legislation in Kerala. Various attempts during 1960- 1985 for enacting a Kerala Public Library act failed due to conflicting interests. Enacting library legislation was also not considered by politicians as an important achievement that can mint votes. There were also signs of the library movement in Kerala taking a wrong direction. The articles in this series attempted to raise public opinion in favor of establishing an efficient library and information system for the people. The articles also projected library legislation as one among social legislations for which priority is to be given by government.

# അത്താണി ഇല്ലാ

ഏതൊരു ജനായത്ത ഭരണവ്യവസ്ഥയുടെയും ഒഴിച്ചുകൂടാനാവാത്ത ഉപകരണങ്ങളാണ് പൊതുഗ്രന്ഥാലയങ്ങൾ. കാരണം ഒരു ജനായത്തഭരണം യഥാർത്ഥമായിരിക്കണമെങ്കിൽ ജനങ്ങൾ വിവേകവും ബുദ്ധിശക്തിയുള്ളവരുമായിരിക്കണം. അതിന് സഹായകമാവേണ്ടത് വിദ്യാഭ്യാസമാണ്. ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ജനതയുടെ വെറും പത്ത് ശതമാനത്തിനാണ് പ്രയോജനപ്പെടുന്നത്. മാത്രമല്ല ഔപചാരിക വിദ്യാഭ്യാസംകൊണ്ട് യഥാർത്ഥ വിദ്യാഭ്യാസം പൂർണമാകുന്നുമില്ല. അത് ക്ലാസ്മുറികളും പാഠ്യപദ്ധതികളുമില്ലാത്ത ഒരായുഷ്ക്കാല പ്രക്രിയയാണ്. അതിനു സഹായകമാവേണ്ടത് പൊതു ഗ്രന്ഥാലയങ്ങൾ തന്നെയാണ്. ജനായത്ത വ്യവസ്ഥയിൽ, ഭരണ കാര്യങ്ങളിൽ ഓരോരുത്തരും നേരിട്ട് പങ്കെടുക്കുന്നില്ല എന്നത് കൊണ്ട് അവർ തെരഞ്ഞെടുത്ത പ്രതിനിധികൾ വേണ്ടവിധം അധികാരമുപയോഗപ്പെടുത്തുന്നുണ്ടോ എന്ന് അവർക്ക് നിരീക്ഷിക്കുവാൻ സാദ്ധ്യമാവണം. അതിന് ജനങ്ങൾക്ക് തങ്ങളുടെ രാജ്യത്തിന്റെ അന്നന്നത്തെ അവസ്ഥയെക്കുറിച്ചുള്ള വിവരങ്ങൾ, വിവിധ രാഷ്ട്രീയ പാർട്ടികളുടെ നയങ്ങൾ, പ്രവർത്തനങ്ങൾ, ദേശീയ അന്താരാഷ്ട്രീയ പ്രശ്നങ്ങളെക്കുറിച്ച്, സാമൂഹിക സാമ്പത്തിക മണ്ഡലങ്ങളിലെ പുരോഗതിയെക്കുറിച്ച് ഉള്ള വിവരങ്ങൾ അപ്പോഴപ്പോൾ ലഭ്യമാവണം. ഒരു ജനായത്ത ഭരണത്തിലെ ജനങ്ങളുടെ ഏററവും പ്രധാന ആവശ്യമാണത്. അത്തരമൊരു സേവനം തുടർച്ചയായി ലഭ്യമാക്കുക ഏതൊരു ജനകീയ ഗവൺമെൻറിന്റെയും ഉത്തരവാദിത്വവുമാണ്. ഒരു കാര്യക്ഷമമായ പൊതുഗ്രന്ഥാലയ ശൃംഖലയുടെ സംവിധാനത്തിലൂടെ കേന്ദ്രീകൃത നിയന്ത്രണത്തിലൂടെ മാത്രമേ ഇത് സാദ്ധ്യമാവുകയുള്ളൂ. സ്വാതന്ത്ര്യം കിട്ടി നാല് ദശകം കഴിഞ്ഞിട്ടും അത്തരമൊരു പ്രധാന സേവനം ജനതക്കാകമാനം ലഭ്യമാക്കുന്ന ഉറപ്പാക്കുന്ന ഒരു നിയമ നിർമ്മാണം കേരളത്തിന് സാദ്ധ്യമായിട്ടില്ല. ഈ കുറവ് പരിഹരിക്കുന്നതിനുള്ളൊരു ബില്ലാണ് പരിഗണനയിലിരിക്കുന്ന 1985 ലെ കേരളാ പബ്ലിക് ലൈബ്രറിബിൽ. ഇന്ന് കേരളത്തിൽ വ്യത്യസ്ഥ അധികാരസ്ഥാനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് അവയെ ഒരൊററ ഭരണസംവിധാനത്തിന്റെ കീഴിലാക്കുന്നതിനും ഗ്രാമങ്ങളിലും നഗരങ്ങളിലും എങ്ങും സേവനമെത്തിക്കാനാവും വിധം കൂടുതൽ പൊതു ഗ്രന്ഥാലയങ്ങൾ സ്ഥാപിക്കുന്നതിനും അവ തുടർച്ചയായി പ്രവർത്തിപ്പിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന, സംസ്ഥാനത്തിന് മുഴുവൻ ബാധകമായ ഒരു ഏകീകൃത ഗ്രന്ഥാലയ നിയമം കൊണ്ടുവരുന്നതിനെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ലൈബ്രറി ബിൽ എന്ന് അതിന്റെ ഉദ്ദേശകാരണങ്ങളെക്കുറിച്ചുള്ള വിവരണത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഒരു പൊതുഗ്രന്ഥാലയത്തിന്റെ സ്വഭാവത്തെയും, അതിന് സമൂഹത്തിൽ നിർവഹിക്കുവാനുള്ള സുപ്രധാനമായ പങ്കിനെയും കുറിച്ച് ചിന്തിക്കുമ്പോൾ മാത്രമേ കേരളാ പബ്ളിക് ലൈബ്രറി ബിൽ കൊണ്ട് ഉദ്ദേശിക്കുന്ന നിയമനിർമ്മാണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നാം ബോധവാന്മാരാവൂ. പൊതു ഗ്രന്ഥാലയത്തെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾ അവ വെറുമൊരു പുസ്തകശേഖരമെന്ന പഴഞ്ചൻ സങ്കൽപ്പത്തിൽനിന്നും എത്രയോ ഉയരെ എത്തിയിരിക്കുന്നു. സമൂഹത്തിന്റെ രേഖപ്പെടുത്തപ്പെട്ട അറിവുകൾ സംഭരിക്കുകയും സംരക്ഷിക്കുകയും, ജാതിമത വർഗ പ്രാദേശിക ഭേദമന്യേ ജനങ്ങൾക്കാകമാനം സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുന്ന സമൂഹ കേന്ദ്രങ്ങളാണ് പൊതുഗ്രന്ഥാലയങ്ങൾ. അവ വിദ്യാഭ്യാസത്തിനും വിജ്ഞാനത്തിനും വാർത്തകൾക്കും മാത്രമല്ല, ജനങ്ങളുടെ വിശ്രമവേളകളെ ആരോഗ്യകരമായി വിനിയോഗിക്കുന്നതിനും ആനന്ദപ്രദമാക്കുന്നതിന് കൂടി അത്യാവശ്യമായ സേവനങ്ങൾ കാഴ്ചവക്കേണ്ട പൊതുസ്ഥാപനങ്ങളാണ്.

ജനായത്ത ഭരണവ്യവസ്ഥയുടെ പഠനക്കളരികൾ ആണ് പൊതുഗ്രന്ഥാലയങ്ങൾ എന്നാണ് പറയുക. ജനായത്തം ഒരു ജീവിതക്രമമാണെന്ന ബോധം ജനങ്ങളിലുണ്ടാക്കേണ്ടത് ഗ്രന്ഥാലയങ്ങളാണ്. ജനാധിപത്യത്തിന്റെ നിലനിൽപ്പിനാവശ്യമായ ആത്മനിയന്ത്രണവും സഹിഷ്ണതയും പരസ്പര ധാരണയും ബുദ്ധിശക്തിയുമുള്ള ജനസഞ്ചയത്തെ രൂപപ്പെടുത്തിയെടുക്കുന്നതിൽ പൊതുഗ്രന്ഥാലയങ്ങൾക്ക് പ്രധാനമായ ഒരു പങ്കുണ്ട്. നമ്മുടെ ഭരണഘടനയുടെ ആദർശങ്ങൾ, അതുൾക്കൊള്ളുന്ന മഹത്തായ മാനുഷിക മൂല്യങ്ങൾ, ജനാധിപത്യ സോഷ്യലിസ്ററ് സമൂഹത്തിന്റെ സ്വഭാവം, ദേശീയ വികസന പ്രവർത്തനങ്ങൾ, ഗവൺമെൻറിന്റെ മററ് പദ്ധതികളും പ്രവർത്തനങ്ങളും തുടങ്ങിയവയെക്കുറിച്ചൊക്കെയുള്ള അറിവ് ജനങ്ങൾക്കാകമാനം വിതരണം നടത്തി ആധുനിക ജീവിത ചലനങ്ങളെയും മനോഭാവങ്ങളെയും നിഷ്പക്ഷമായി വിലയിരുത്താൻ അവരെ പ്രാപ്തരാക്കി ഒരു ജനായത്ത ഭരണത്തെ യഥാർത്ഥമാക്കുകയും നിലനിർത്തുകയും ചെയ്യുവാനുള്ള പ്രവർത്തനം നിയമാധിഷ്ഠിതമായ ഒരു ഗ്രന്ഥാലയ സേവന സംവിധാനത്തിലൂടെയേ സാദ്ധ്യമാവൂ.

നമ്മുടെ വിദ്യാഭ്യാസ സാക്ഷരതാ പ്രവർത്തനങ്ങൾ വിജയിക്കാത്തതിന്റെ പ്രധാനകാരണം നമ്മൾ സമൂഹ വിദ്യാഭ്യാസത്തിനും തുടർ വിദ്യാഭ്യാസത്തിനും സാക്ഷരതാപ്രവർത്തനങ്ങൾക്കും പ്രധാനമായും ഉപകരിക്കേണ്ട പൊതുഗ്രന്ഥാലയ സേവന സംവിധാനത്തിന് അതർഹിക്കുന്ന പ്രാധാന്യം നൽകാത്തത് തന്നെയാണ്.

## ആർ. രാമൻ നായർ

ഇന്നും ഭാരതത്തിലെ അറുപത്താറ് ശതമാനം ജനങ്ങളും നിരക്ഷരരാണ്. വെറും അഞ്ചു ശതമാനത്തിനാണ് വിദ്യാഭ്യാസത്തിൽ സ്ക്കൂളുകളുടെ തലത്തിനുമപ്പുറത്തേയ്ക്ക് കടന്നുചെല്ലാൻ ആവുന്നത്. അപ്പോൾ നമ്മുടെ തൊണ്ണൂററഞ്ച് ശതമാനം ജനങ്ങൾക്കും അവരുടെ വിദ്യാഭ്യാസത്തിന് ഔപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളെക്കാൾ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രങ്ങളെയാണ് പ്രധാനമായും ആശ്രയിക്കേണ്ടത് എന്ന യാഥാർത്ഥ്യം വ്യക്തമാവുന്നു. സാക്ഷരത കൈവരിക്കാൻ, അത് നിലനിർത്താൻ, ജീവിതത്തിൽ അത് പ്രയോജനപ്രദമാവാൻ പൂർത്തിയാക്കാനാവാത്ത ഔപചാരിക വിദ്യാഭ്യാസത്തെ തുടർന്ന് വിദ്യാഭ്യാസവുമായി കൂട്ടിയിണക്കാൻഒക്കെ ജനതയെ സഹായിക്കുവാൻ ആവുന്ന സ്ഥാപനങ്ങൾ പൊതുഗ്രന്ഥാലയങ്ങൾ മാത്രമാണ്.

ഈ പ്രവർത്തനങ്ങൾ നടത്തുവാൻ ആവുംവിധം ഓരോ പൊതുഗ്രന്ഥാലയവും വായനസാമഗ്രികളുടെ ും സേവനത്തിന്റെയും കാര്യത്തിൽ സമ്പന്നമായിരിക്കണം. അവയുടെ സേവനം സൗജന്യമായിരിക്കണം. അത്തരം ഗ്രന്ഥായങ്ങളുടെ പരസ്പരബന്ധിതമായ ഒരു ശൃംഖല സംസ്ഥാനത്ത് അങ്ങോളമിങ്ങോളം ഉണ്ടായിരിക്കണം. ഇവയുടെ പ്രവർത്തനങ്ങളെ ഏകോപിക്കുവാൻ വേണ്ട സംവിധാനം ഉണ്ടായിരിക്കണം. ഇവയുടെ പ്രവർത്തനങ്ങളെ അവയുടെ തുടർച്ചയായ പ്രവർത്തനങ്ങൾക്ക്‌വേണ്ട ധനം ലഭ്യമായിക്കൊണ്ടിരിക്കണം. അങ്ങനെയുള്ള ഒരു ഗ്രന്ഥാലയ വിജ്ഞാനവിതരണ സംവിധാധം ഏതൊരു ജനായത്ത വ്യവസ്ഥയുടെയും ആരോഗ്യകരമായ നിലനിൽപ്പിന് അത്യന്താപേക്ഷിതവുമാണ്. അത് നിയമനിർമ്മാണത്തിലൂടെയല്ലാതെ സാദ്ധ്യവുമല്ല.

ഗ്രന്ഥശാലാ നിയമമാണ് സംസ്ഥാനത്തെ ഗ്രന്ഥാലയ വിജ്ഞാന വിതരണ പ്രവർത്തനങ്ങൾക്ക് സമൂഹവിദ്യാഭ്യാസ സംരംഭങ്ങൾക്ക് വ്യക്തമായ അടിത്തറ പടുക്കേണ്ടത്. അതിലൂടെ സൗജന്യഗ്രന്ഥാലയ സേവനം നൽകുന്നതിന്റെ, ജനങ്ങൾക്കാകമാനം സ്വയം പഠനത്തിനുള്ള തുല്യമായ അവസരം ലഭ്യമാക്കുന്നതിന്റെ ഉത്തരവാദിത്വം ഗവൺമെൻറ ഏറെടുക്കുന്നു. ഉയർന്ന നിലവാരമുള്ള ഗ്രന്ഥാലയ സേവനം ജാതിമത പ്രാദേശിക ഭേദമന്യേ എല്ലാ സാമ്പത്തിക സാമൂഹിക തലങ്ങളിലെയും ജനങ്ങൾക്ക് ലഭ്യമാവുന്നു. ഗ്രന്ഥാലയ പ്രവർത്തനങ്ങൾ വേണ്ടവിധം ആസൂത്രണം ചെയ്യുവാനും എല്ലാ പ്രദേശങ്ങളിലും വ്യാപിപ്പിക്കുവാനും നിയമനിർമ്മാണത്തിലൂടെ സാദ്ധ്യമാവുന്നു. ഭരണപരമായ കാര്യക്ഷമത ഗ്രന്ഥാലയ പ്രവർത്തനങ്ങൾക്കും കൈവരുന്നു. ഇതിൽ ഏററവും പ്രധാനം ദേശീയ പുരോഗതിയ്ക്ക് അത്യന്താപേക്ഷിതമായ ഒരു വിജ്ഞാനവിതരണ പ്രവർത്തനത്തിന്റെ ഉത്തരവാദിത്വം നിയമനിർമ്മാണത്തിലൂടെ ഗവൺമെൻറ് ഏറെറടുക്കുകയും അത് പ്രകടമാക്കുകയും ചെയ്യുന്നു എന്നതാണ്.

കേരളത്തിൽ ഗ്രന്ഥാലയ നിയമം നിലവിൽ വരാൻ വളരെ താമസിക്കുന്നുവെങ്കിലും അതുകൊണ്ട് മറെറാരു നേട്ടമുണ്ടായിട്ടുണ്ടെന്ന് പരിഗണനയിലിരിക്കുന്ന 1985-ലെ പബ്ളിക് ലൈബ്രറീസ് ബിൽ വെളിവാക്കുന്നു. ഇൻഡ്യയിലെ മററ് സംസ്ഥാനങ്ങളിൽ നിലവിൽ വന്ന ഗ്രന്ഥശാലാനിയമങ്ങൾ പഠിച്ച് ആരംഭത്തെ പുരോഗതികൾ വിലയിരുത്തി അവയെക്കാൾ കാര്യക്ഷമമായ ഒരു സംവിധാനം വിഭാവനചെയ്യാൻ ഈ ബില്ലിന് കഴിഞ്ഞിരിക്കുന്നു. സ്റേററ് സെൻട്രൽ ലൈബ്രറിയുടെ സ്വഭാവമുള്ള ഒന്നിലധികം 'സ്റേററ്' ലൈബ്രറികൾ സ്ഥാപിക്കുവാനുള്ള അധിക ചിലവുണ്ടാക്കാവുന്ന സാദ്ധ്യതകൾ, ഗ്രന്ഥശാലാസംഘത്തെ വേണ്ടവിധം ഉൾക്കൊള്ളാതിരിക്കൽ തുടങ്ങിയ ചുരുക്കം ചില കാര്യങ്ങളൊഴിച്ചാൽ 1985-ലെ പബ്ലിക് ലൈബ്രറീസ് ബിൽ മററ് സംസ്ഥാനങ്ങളിലെ ഗ്രന്ഥാലയ നിയമങ്ങളുടെ നല്ല അംശങ്ങളെയൊക്കെയും അംഗീകരിച്ചിരിക്കുന്നു.

ഇത്രയും പ്രധാനപ്പെട്ട ഒരു സാമൂഹ്യനിയമം നിലവിൽ വരാത്തതിന്റെ കാരണങ്ങളിൽ ഏററവും പ്രധാനം ഗ്രന്ഥശാലാ നിയമനത്തിന് വേണ്ടി ജനങ്ങളിൽ നിന്നും ശക്തമായ ഒരാവശ്യപ്പെടൽ ഉയർന്നു വരുന്നില്ല എന്നതാണ്. സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുന്നിട്ടുനിൽക്കുന്ന ഒരു ന്യൂനപക്ഷത്തിൽ നിന്നുമാണ് ഇവിടെ ഇത്തരം ആവശ്യങ്ങൾക്കു വേണ്ടി എപ്പോഴും ശബ്ദമുയരുന്നത്. അവർക്ക് മാത്രമാണ് ഗവൺമെൻറിനെ ഇത്തരം കാര്യങ്ങളിൽ സ്വാധീനിക്കാനാവുന്നത്. പക്ഷേ ഭൂരിഭാഗവും നഗരങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്ന ഇക്കൂട്ടർക്ക് ഉയർന്ന നിലവാരമുള്ള ഗ്രന്ഥാലയസേവനം ഒന്നുകിൽ തങ്ങളുടെ സാമീപ്യത്ത് ലഭ്യമാണ്. അല്ലെങ്കിൽ അത് ലഭ്യമായിടുത്ത് എത്തിച്ചേരാൻ അവർക്ക് ബുദ്ധിമുട്ടില്ല. ദാരിദ്രത്തിലും അജ്ഞതയിലും കഴിയുന്ന കർഷകരും തൊഴിലാളികളുമായ ഗ്രാമങ്ങളിൽ വസിക്കുന്ന തങ്ങളുടെ ബഹുഭൂരിപക്ഷത്തിനാണ് വിദ്യാഭ്യാസത്തിനായി ഇന്ന് പൊതുഗ്രന്ഥാലയസേവനം അത്യാവശ്യമായിരിക്കുന്നത്. അവർക്കാണ് ഇന്നത് ലഭ്യമല്ലാത്തതു. പക്ഷേ ദൈനംദിനാവശ്യങ്ങൾക്ക് വേണ്ടിയുള്ള കഠിനാദ്ധ്വാനത്തിനിടയിൽ ഉടൻ ഫലം പ്രകടമാവാത്ത ഇത്തരമൊരുസേവനം അവർ ആവശ്യപ്പെടില്ല. ഈ സൗകര്യങ്ങൾ ഇപ്പോൾ തന്നെ അനുഭവിക്കുന്ന ഒരു വിഭാഗം, മററുള്ളവരുടെ പുരോഗതിക്കുവേണ്ടി ശബ്ദമുയർത്തുമെന്ന് നമുക്ക് പ്രതീക്ഷിക്കാനുമാവില്ല. ഈ സാഹചര്യങ്ങളാണ്, പൊതുഗ്രന്ഥാലയസേവനം എല്ലാവർക്കും ലഭ്യമാക്കാൻ വേണ്ട വ്യവസ്ഥ സൃഷ്ടിക്കുക ജനായത്ത ഗവൺമെൻറുകളുടെ പ്രധാന ഉത്തരവാദിത്വമാക്കിത്തീർക്കുന്നത്.

ജനങ്ങൾ സ്വന്തം പരിശ്രമത്തിലൂടെ കെട്ടിപ്പടുത്ത മഹത്തായ സാംസ്കാരിക കേന്ദ്രങ്ങൾ എന്ന് അഭിമാനത്തോടെ ചൂണ്ടിക്കാട്ടാവുന്ന നാലായിരത്തഞ്ഞൂറോളം ഗ്രന്ഥാലയങ്ങൾ ഇന്ന് കേരളത്തിലുണ്ട്. ഇത് സൃഷ്ടിക്കുന്ന നമുക്ക് വേണ്ടത്ര ഗ്രന്ഥാലയ സൗകര്യങ്ങളുണ്ടെന്നും ഗവൺമെൻറ് അതിന് ആവശ്യമായ ധനസഹായം നൽകുന്നുവെന്നുമുള്ള തോന്നലും ഗ്രന്ഥാലയ നിയമനിർമ്മാണത്തെ മാററിവെയ്ക്കാൻ കാരണമാവുന്നു. വിനോദത്തിന് വേണ്ടിയുള്ള കുറേ പുസ്തകങ്ങളും ആനുകാലികങ്ങളും ശേഖരിച്ചു വിതരണം നടത്തുകയും വല്ലപ്പോഴും കുറേ കലാപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നതാണ് പൊതു ഗ്രന്ഥാലയ സേവനം എന്ന് എങ്ങനെയോ നമ്മൾ ധരിച്ചുപോയിരിക്കുന്നു. സമൂഹത്തിന്റെ എല്ലാ വിദ്യാഭ്യാസ വിജ്ഞാനാവശ്യങ്ങളെയും തൃപ്തിപ്പെടുത്തുന്ന ഒരു സ്ഥാപനമായാണ് ആധുനികലോകം പൊതുഗ്രന്ഥാലയത്തെ കാണുന്നത്. അത്തരം പ്രവർത്തനങ്ങൾ നിർവഹിക്കാൻ പര്യാപ്തമാവും വിധം അവയെ വികസിപ്പിക്കുവാൻ, അവയുടെ തുടർച്ചയായ സേവനങ്ങൾക്ക് വേണ്ടത്ര ധനം ലഭ്യമാക്കിക്കൊണ്ടിരിക്കുവാൻ, അവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാൻ ഇന്ന് കാര്യക്ഷമമായ ഒരു സംവിധാനവുമില്ല. നിയമനിർമ്മാണത്തിലൂടെ മാത്രമേ അത് സാദ്ധ്യമാകൂ.

മുൻപ് ഗവൺമെൻറ് അവതരിപ്പിച്ച എല്ലാ പൊതുഗ്രന്ഥശാലാ ബില്ലുകൾക്കും നേരെ വളരെയധികം എതിരഭിപ്രായങ്ങൾ പൊന്തിവരുകയുണ്ടായി. പക്ഷേ ഈ അഭിപ്രായങ്ങൾ ഒരിക്കലും സാധാരണക്കാരായ ഭൂരിപക്ഷത്തിന്റെ ആയിരുന്നില്ല. അവർക്കും കാലാകാലങ്ങളിൽ ഇത്തരം കാര്യങ്ങളിൽ ധാരണകളുണ്ടാക്കാനും പ്രതികരിക്കാനുമാകുന്ന ഒരു ചുററുപാട് നമുക്കിന്നില്ല. നാം മുമ്പ് സൂചിപ്പിച്ച ഒരു ന്യൂനപക്ഷമായ ഉന്നത വർഗത്തിൽ നിന്നുമാണ് ഈ നിരുൽസാഹപ്പെടുത്തലുകളും എതിർപ്പുകളും ഉണ്ടാവുന്നത്.

അതിന് വ്യക്തമായ ചില കാരണങ്ങളുണ്ട്. നമ്മുടെ പൊതുഗ്രന്ഥാലയങ്ങളെ ഇന്നത്തെ അവസ്ഥയിൽ തന്നെ നിലനിർത്തുന്നതുകൊണ്ട് ഈ ന്യൂനപക്ഷത്തിന് പ്രാതിനിധ്യമുള്ള ചില സംഘടനകളുടെയും വ്യക്തികളുടെയും സ്വകാര്യ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുമെന്നതാണ് അവയിൽ ഏററവും പ്രധാനം. കുറേപ്പേരുടെ സ്ഥാനമാനങ്ങളും അധികാരങ്ങളും തുടർന്ന് പോകാൻ ലൈബ്രറികളുടെ ഇന്നത്തെ അവസ്ഥ സാദ്ധ്യതയൊരുക്കുന്നു. ലൈബ്രറികൾക്കുവേണ്ടി ഗവൺമെൻറ് അനുവദിച്ചിരിക്കുന്ന സഹായധനം അങ്ങനെ വേണ്ടവിധം പ്രയോജനപ്രദമാകാതെ പോകുന്നു. നിയമനിർമ്മാണം വഴി ഈ കേന്ദ്രങ്ങൾ യഥാർത്ഥ പൊതുസ്ഥാപനങ്ങളായിത്തീരുമ്പോൾ തങ്ങളുടെ സ്വകാര്യ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുകയില്ലെന്ന ഭയമാണ് ഒരു സമഗ്രമായ ഗ്രന്ഥശാലാനിയമം നിലവിൽവരുന്നതിനെ തടയുവാൻ ഈ സ്ഥാപിത താൽപ്പര്യസംഘങ്ങളെ എന്നും പ്രേരിപ്പിക്കുന്നത്. അങ്ങനെയാണ് ഗ്രന്ഥാലയരംഗത്ത് പ്രവർത്തിക്കുന്നവർ, ഗ്രന്ഥാലയ നിയമത്തിൻെറ പ്രാധാന്യം ശരിയ്ക്ക് മനസിലാക്കിയവർ, തന്നെ നിയമനിർമ്മാണത്തിന് തടസമായിത്തീരുന്നത്.

പൊതുഗ്രന്ഥാലയങ്ങൾക്ക് ജനങ്ങളുടെ വിദ്യാഭ്യാസത്തിലും സമൂഹ പുരോഗതിയിലും നിർവഹിക്കാനാവുന്ന പങ്കിനെക്കുറിച്ചുള്ള വിദ്യാഭ്യാസ വിദഗ്ദ്ധൻമാരുടെയും ഭരണാധിപന്മാരുടെയും അജ്ഞതയാണ് ഗ്രന്ഥാലയ നിയമ നിർമ്മാണത്തോടുള്ള അവഗണനയ്ക്കും കാലതാമസത്തിനും പ്രധാനകാരണങ്ങളായി ഡോ. എസ്. ആർ. രംഗനാഥനെപ്പോലുള്ള ഗ്രന്ഥാലയശാസ്ത്രജ്ഞൻമാർ ചൂണ്ടിക്കാട്ടുന്നത്. ഉടൻതന്നെ ഫലം പ്രകടമാവുന്ന മററ് പ്രവർത്തനങ്ങളെപ്പോലെ, വീമ്പിളക്കാനാവുന്ന ഒരു നേട്ടമാണ് ഗ്രന്ഥാലയസംവിധാനം ഏർപ്പെടുത്തുക എന്ന് ജനപ്രതിനിധികളും രാഷ്ട്രീയപാർട്ടികളും കരുതാത്തതാണ് ഗ്രന്ഥാലയനിയമം നിലവിൽവരുന്നതിന് തടസമാവുന്ന മറെറാരു കാരണമായി വിദ്യാഭ്യാസ വിദഗ്ദ്ധനായ എഡ്വേർഡ്സ് കാണുന്നത്.

ജനങ്ങളിൽ നിന്നും ശക്തമായ ആവശ്യപ്പെടലുണ്ടാവാത്ത, പലപ്പോഴും പ്രാരംഭദശയിൽ എതിർപ്പുകൾ മാത്രം പ്രകടമാവുന്ന നിയമങ്ങളൊക്കെ സമൂഹപുരോഗതിക്ക് പ്രയോജനപ്രദമല്ലാത്തവയാണെന്ന് നമുക്ക് കരുതാനാവില്ല. സ്ത്രീധന നിരോധന നിയമം, മദ്യനിരോധന നിയമം തുടങ്ങിയവയൊക്കെ അതിനുദാഹരണമായി എടുക്കാവുന്നതാണ്. ഗ്രന്ഥാലയ നിയമത്തെ സംബന്ധിച്ചിടത്തോളം ശക്തരായ, സമ്പന്നരായ, സ്വാധീനമുള്ള ഇപ്പോൾത്തന്നെ വിജ്ഞാനസേവന സൗകര്യങ്ങൾ ലഭ്യമായ ഒരു ന്യൂനപക്ഷത്തിൽനിന്നുമാണ് എതിർപ്പുണ്ടാവുന്നത്. എതിർപ്പ് ജനസംവിധാനത്തിൻെറ ഭരണം നിർവഹിക്കേണ്ട ഏജൻസികളെക്കുറിച്ചാണ്. സാധാരണക്കാരന് പ്രധാനം അടിയന്തരമായി സൗജന്യഗ്രന്ഥാലയ സേവനം ലഭിക്കയാണ്. ബഹുഭൂരിപക്ഷം വരുന്ന ദാരിദ്ര്യത്തിലും അജ്ഞതയിലും കഴിയുന്ന വിഭാഗത്തിന് അവരുടെ പുരോഗതിയ്ക്കത്യാവശ്യമായ വിജ്ഞാന സേവനം ലഭ്യമാക്കുന്ന ഒരു വ്യവസ്ഥയാണ് ലൈബ്രറി ബിൽ വിഭാവനചെയ്തിരിക്കുന്നത്. അതുകൊണ്ട് അതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങൾ മനസിലാവുന്ന സാധാരണക്കാരന് ബില്ലിൽ ചെറിയ പാകപ്പിഴകൾ ഉണ്ടെങ്കിൽ കൂടി അതിനെ എതിർക്കാനാവില്ല. ഈ ബിൽ അവഗണിയ്ക്കപ്പെടുകയില്ലെന്നും, 1986 കേരളത്തിലെ വിജ്ഞാന വിതരണ മേഖലയുടെ ചരിത്രത്തിൽ സുവർണ്ണലിപികളിൽ എഴുതിച്ചേർക്കുവാനാവുന്ന ഒരു വർഷമാവുമെന്നും നമുക്ക് പ്രതീക്ഷിക്കാം.